ങ്ങളാണ് നൽകുന്നതെന്നും ഇതിനായി ഓരോ വിദ്യാർത്ഥിക്കും ശരാശരി പ്രതിമാസം എത്ര രൂപ ചെലവഴിക്കപ്പെടുന്നുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

1. തിരുവനന്തപുരം	-	കട്ടേല
2. പത്തനംതിട്ട	-	കടമ്മനിട്ട
3. ഇടുക്കി	-	മൂന്നാർ
4. തൃശ്ശൂർ	-	ചാലക്കുടി
5. വയനാട്	-	നല്ലൂർനാട്
6. വയനാട്	-	കല്പറ്റ
7. പാലക്കാട്	-	അട്ടപ്പാടി
8. കണ്ണൂർ	-	കണ്ണൂർ
9. കാസർഗോഡ്	-	കാസർഗോഡ്

ഇതിനു പുറമെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എറണാകുളത്തും, പാലക്കാട്ടും രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു.

(ബി) ഈ സ്ഥാപനങ്ങളിൽ 5-ാം ക്ലാസ് മുതൽ ഓരോ ക്ലാസിലും 30 കുട്ടികൾക്ക് വീതമാണ് പ്രവേശനം നൽകുന്നത്. ഒരു കുട്ടിക്ക് ശരാശരി പ്രതിമാസം 500 രൂപയിലധികം ചെലവ് വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യ മെസ്സ്, യൂണിഫോമും മറ്റു വസ്ത്രങ്ങളും, സോപ്പ്, എണ്ണ മുതലായവ, ചികിത്സാ സൗകര്യം, പുസ്തകങ്ങളും നോട്ടുബുക്കുകളും എന്നിവ നൽകുന്നു. ഇതു കൂടാതെ ഹയർ സെക്കണ്ടറി കുട്ടികൾക്ക് എൻട്രൻസ് പരീക്ഷ എഴുതാനുള്ള പരിശീലനം നൽകിവരുന്നു.

11 (2389) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നു;

(ബി) പൊതു പരീക്ഷകളിൽ ഈ വിദ്യാർത്ഥികളുടെ വിജയശതമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഈ ഹോസ്റ്റലുകളിലെ വിജയശതമാനം എത്രയായിരുന്നു;

(ഡി) വിജയതോതു കുറവാണെങ്കിൽ വിജയശതമാനം വർദ്ധിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിൽ മൊത്തം 8383 വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നു.

(ബി) ഉണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 36.5% ഉം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടേത് 29% വുമാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലെ വിജയ ശതമാനം താഴെ പറയും പ്രകാരമാണ്.

വർഷം	വിജയശതമാനം
1994-95	21%
1995-96	28.54%
1996-97	32.14%
1997-98	22.63%
1998-99	29.00%

പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലിലെ വിജയശതമാനം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പത്താം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കും ഹോസ്റ്റലിനടുത്തുള്ള നല്ല പഠന നിലവാരമുള്ള ട്യൂട്ടോറിയലുകളിൽ ട്യൂഷൻ നൽകുന്നതിന് കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ കൂടുതൽ ഹോസ്റ്റലുകൾ ഉള്ള ജില്ലകളിൽ ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രമായി പ്രത്യേകം ഹോസ്റ്റലുകളിൽ മാറ്റി താമസിപ്പിച്ചു പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നുണ്ട്.

12 (2390) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; 1999-2000 വർഷത്തേക്ക് ഇതിലേക്ക് വേണ്ടി എന്തു തുകയാണ് വകകൊള്ളിച്ചിട്ടുള്ളത്;

(ബി) ഇനിയും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ഈ വർഷം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly